പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2908 **29-10-2026-ൽ മറുപടിയ്ക്ക്**

കൊച്ചി മണ്ഡലത്തിലെ പാലങ്ങളുടെ പുനരുദ്ധാരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കൊച്ചി മണ്ഡലത്തിലെ മട്ടാഞ്ചേരി ഹാർബർ പാലം പുനരുദ്ധാരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്കായി കരാർ വെച്ചിട്ടുണ്ടോ;

മറുപടി: മട്ടാഞ്ചേരി ഹാർബർ പാലത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി അധിക നിരക്കിലുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ പരിശോധിച്ചതിൻ പ്രകാരം നിരക്ക് കുറയ്ക്കുന്നതിനായി കരാറുകാരനുമായി negotiation നടത്തുവാനും, ആയതിന്റെ വിവരം ബന്ധപ്പെട്ട വിശദാംശങ്ങൾ സഹിതം സർക്കാരിനെ അറിയിക്കുവാനും പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) എറണാകുളം ജില്ലയിലെ പാണ്ടിക്കുടി-ചെല്ലാനം റോഡിൽ ഉൾപ്പെടുന്ന കണ്ടക്കടവ് പാലത്തിന്റെയും ചാലക്കടവ് പാലത്തിന്റെയും പുനർനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

മറുപടി: കണ്ടക്കടവ് പാലത്തിന്റെ പുനർനിർമ്മാണത്തിന് 27-05-2023 ലെ സ.ഉ (സാധാ)നം.677/2023/PWD പ്രകാരം ₹8.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. DSoR 2021 നിരക്കിൽ പുതുക്കിയ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പാണ്ടിക്കുടി - ചെല്ലാനം റോഡിലെ ചാലക്കടവ് പാലം (നിലവിൽ സ്ലാബ് കൾവർട്ട്) ബോക്സ് കൾവർട്ടായി പുനർനിർമ്മിക്കുന്നതിന് തീരദേശപാത സൗത്ത് ചെല്ലാനം മുതൽ ഫോർട്ട് കൊച്ചി വരെ റീച്ച് -1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീരദേശപാതയ്ക്കായി 10-07-2017 ലെ സ.ഉ(സാധാ)നം.942/2017/PWD പ്രകാരം ₹6500 കോടി രൂപയ്ക്ക് ഭരണാനുമതിയും, ഭൂമി ഏറ്റെടുക്കുന്നതിനായി ₹184.60 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്.

ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ ശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

(ഡി) പ്രസ്തുത രണ്ട് പാലങ്ങളുടെയും ഡി.പി.ആർ, ഭരണാനുമതി, സാങ്കേതികാനുമതി, ടെൻഡർ നടപടികൾ എന്നിവ ഏത് ഘട്ടത്തിലാണെന്നും ഇവയുടെ പുനർനിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കാൻ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ